**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223** **28-02-2023 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 2024 ഓടു കൂടി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിൽ ആകെയുള്ള 70 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 01.04.2020 വരെ 17.5 ലക്ഷം കുടുംബങ്ങളിലാണ് ടാപ്പ് വഴി കുടിവെള്ളം ലഭ്യമായിരുന്നത്. 2020-21 ൽ 4.04 ലക്ഷവും, 2021-22 ൽ 6.64 ലക്ഷവും 2022-23 ൽ (23.02.2023 വരെ) 4.8 ലക്ഷവും കുടിവെള്ള കണക്ഷനുകൾ ജലജീവൻ മിഷൻ പദ്ധതി വഴി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.98 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെയുള്ള ഗ്രാമീണ വീടുകളുടെ 46.65% ആണ്.<br><br>സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ആർ.കെ.ഐ., അമൃത്, ജൽ ജീവൻ മിഷൻ കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ വഴി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം നടത്തിയും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നത് കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ എൽ.ഐ.സി., ജെ.ഐ.സി.എ. തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ എൽ.ഐ.സി., ജെ.ഐ.സി.എ. ധനസഹായത്തോടെയുള്ള പ്രവൃത്തികൾ ഒന്നും തന്നെ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടപ്പിലാക്കുന്നില്ല. മുൻ കാലങ്ങളിൽ എൽ.ഐ. സി., ജെ.ഐ.സി.എ. ധനസഹായത്തോടെ ഏറ്റെടുത്തു നടപ്പിലാക്കിയ പ്രവൃത്തികളിൽ മുടങ്ങി കിടന്നവ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

എ) സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ആർ.കെ.ഐ, അമൃത്, ജൽ ജീവൻ മിഷൻ കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ വഴി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ബി) പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേക്ക് പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

സി) കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി യഥാസമയങ്ങളിൽ PASK software വഴി വിലയിരുത്താറുണ്ട്.

ഡി) പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കാനായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ മന്ത്രിതലത്തിലുൾപ്പെടെ യോഗങ്ങൾ വിളിച്ച് ഏകോപനം നടത്താറുണ്ട്.

ഇ) ജലവിതരണ പദ്ധതികളുടെ പൈപ്പ് ലൈനുകൾ ഇടുന്നതിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിലെ ROW പോർട്ടൽ വഴി അപേക്ഷ നല്കി അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. e-pmg,സുഗമ എന്നീ പോർട്ടലുകളുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു.

എഫ്) പ്രവൃത്തികളുടെ സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി നിലവിലുണ്ട്. പദ്ധതികളുടെ പൂർത്തീകരണത്തിനായി മാസാവലോകന യോഗങ്ങളും സംയുക്ത പരിശോധനയും നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

ജി) ജല ജീവൻ മിഷൻ പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാന തലം മുതൽ ഗ്രാമതലം വരെ വിപുലമായ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വസ്തുതകൾ യഥാസമയം വിലയിരുത്തി പദ്ധതികൾ തടസ്സരഹിതമായി പുരോഗമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ പുരോഗതി യഥാസമയം കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

എച്ച്) ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജലജീവൻ പദ്ധതിയുടെ നിർവഹണപുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതി നിർവഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്.

ഐ) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് PWD, റയിൽവേ എന്നീ ഡിപ്പാർട്ട്മെന്റുകളുടെ അനുമതി ലഭ്യമാക്കി

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജെ) പദ്ധതികളുടെ പൂർത്തീകരണത്തിനായി മാസാവലോകന യോഗങ്ങളും സംയുക്ത പരിശോധനയും നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

കെ) പദ്ധതികളൊന്നും നിലവിലില്ലാത്ത പ്രദേശങ്ങൾക്കായി പുതിയ ജല സ്രോതസ്സുകൾ കണ്ടെത്തി ജല ശുദ്ധീകരണ ശാലയുൾപ്പെടയുള്ള അടിസ്ഥാന ഘടകങ്ങൾ സ്ഥാപിച്ച് പുതിയ പദ്ധതികൾ അസൂത്രണം ചെയ്തിട്ടുണ്ട്.

എൽ) പദ്ധതി പുരോഗതിക്കു പ്രധാന തടസ്സമായി വരുന്നത് പദ്ധതി ഘടകങ്ങളുടെ നിർമാണത്തിനാവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തതയും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവുമാണ്. ഇത് പരിഹരിക്കുന്നതിനായി വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചു കൊണ്ടു അടിയന്തിരമായി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉന്നത തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റുകളിലെയും, റീജിയണൽ യൂണിറ്റുകളിലെയും മുതിർന്ന ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേകം മോണിട്ടറിംഗ് ചുമതല നൽകുകയും ഫീൽഡ് വിസിറ്റ് നടത്തി പ്രവൃത്തികൾ ഏകോപിപ്പിച്ചുവരികയും ചെയ്യുന്നു.